# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **241** — 28.05.2019-ൽ മറുപടിയ്ക്ക്

### <u>വാഴൂർ സർക്കാർ പ്രസ്സിലെ അടിസ്ഥാനസൗകര്യം വികസനം</u>

| ചോദ്യം | | | മറുപടി | |
|---|---|---|---|---|
| **ഡോ. എൻ. ജയരാജ്** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) | |
| (എ) | വാഴൂർ സർക്കാർ പ്രസ്സിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | NH 220ൽ നിന്നും വാഴൂർ ഗവണ്മെന്റ് പ്രസ്സിലേക്കുള്ള റോഡ് നിർമ്മിക്കുകയും ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നവീകരിക്കുകയും പേപ്പർ ഗോഡൗൺ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. | |
| (ബി) | അവിടെ പ്രവർത്തിച്ച് വരുന്ന ജില്ലാ ഫോം സ്റ്റോർ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വാഴൂർ ജില്ലാ ഫോം സ്റ്റോറിന്റെ പുതിയ കെട്ടിടം പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. | |
| (സി) | സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | പരിഗണനയിൽ ഇല്ല. | |
| (ഡി) | ഏതൊക്കെ തസ്തികകളിലാണ് സ്ഥിരം ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കമ്പ്യൂട്ടർ ഗ്രേഡ് II | - 3 ഒഴിവ് |
| | | | ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് II | - 2 ഒഴിവ് |
| | | | ടൈം കീപ്പർ | – 1 ഒഴിവ് |
| | | | ബൈന്റർ ഗ്രേഡ് II | - 1 ഒഴിവ് |
| | | | ക്യാമറ ഓപ്പറേറ്റർ കം ഫിലിം ഡെവലപ്പർ | – 1 ഒഴിവ് |
| | | | ഫോട്ടോടൈപ്പ് സെറ്റർ ഓപ്പറേറ്റർ ഗ്രേഡ്II | - 1 ഒഴിവ് |
| | | | റീ ടച്ചിംഗ് ആർട്ടിസ്റ്റ് ഗ്രേഡ് II | - 1 ഒഴിവ് |
| | | | പ്ലേറ്റ് മേക്കർ ഗ്രേഡ് II | - 1 ഒഴിവ് |

| | | | |
|---|---|---|---|
| (ഇ) | ആധുനിക ഓഫ് സെറ്റ് മെഷീൻ പ്രവർത്തിപ്പിക്കാൻ ജീവനക്കാർ ലഭ്യമാണോ; പ്രസ്തുത തസ്തികയിൽ ജോലിചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ലഭ്യമാണ്.<br>കുറവുള്ള 2 ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. മുൻപ് പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ